# രസികപ്രിയ

## ഇ - മാഗസിൻ



ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2019 – 20


എസ് എസ് ഒ എച്ച് എസ് എസ് ലക്കിടി

# ആമുഖം

വിവരവിനിമയ സാങ്കേതിക വിദ്യാരംഗത്ത അസൂയാവഹമായ പുരോഗതി കേരളം നേടിക്കൊണ്ടിരിക്കുകയാണല്ലോ. ഈ നൂതന സാങ്കേതികവിദ്യകൾ സ്കൂളുകളിലെ ക്ലാസ്മുറികളുടെ നാല് ചുമരുകൾക്കുള്ളിൽ ഒതുക്കാതെ അതിന്റെ പ്രയോജനങ്ങൾ രക്ഷിതാക്കളിലേക്കും, അതിലൂടെ സമൂഹത്തിലേക്കും എത്തിക്കുക എന്ന ഉദ്ദേശത്തോടെയാണ് സ്കൂളുകളിലെ ഐ. ടി ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ ലിറ്റിൽ കൈറ്റ്സ് ആരംഭിച്ചിരിക്കുന്നത് . തെരഞ്ഞെടുത്ത കുട്ടികൾക്ക് അനിമേഷൻ, ഓഡിയോ വീഡിയോ എഡിറ്റിംഗ്, ആപ്പുകളുടെ നിർമ്മാണം ,ചിത്രസംയോജനം എന്നീ വിവിധ മേഖലകളിൽ പരിശീലനം കൊടുക്കുന്നു . അങ്ങിനെ നേടിയ അറിവിലൂടെ ലിറ്റിൽ കൈറ്റ്സ് ടീം ഒരുക്കിയ ഈ ഡിജിറ്റൽ മാഗസിൻ നിങ്ങൾക്കു മുന്നിൽ ശ്രീ ശങ്കരാ ഓറിയന്റൽ ഹയർ സെക്കന്ററി സ്കൂൾ അഭിമാനപൂർവം സമർപ്പിക്കുന്നു

# ഉള്ളടക്കം


| | |
|---|---|
| ചരിത്രം | 5 |
| പ്രശസ്തരായ പൂർവവിദ്യാർത്ഥികൾ | 6 |
| പ്ലാസ്റ്റിക് | 7 |
| നമ്മുടെ സ്ഥലം | 8 |
| ഓർമ്മ | 9 |
| കോഴിയമ്മയും കുറുക്കനും | 10 |
| THE SUNFLOWER | 11 |
| ഡിജിറ്റൽ പൂക്കളങ്ങൾ | 12 |
| GK Questions | 13 |
| *സ്നേഹസ്പർശം* | *14* |
| *നിഴലിനോടുള്ള യുദ്ധം* | *15* |
| *ഗണിത ശാസ്ത്രജ്ഞൻമാർ* | *16* |
| *Math Magic* | *17* |
| *അതിജീവനം* | *18* |
| കൊഴിഞ്ഞ ഇല | 19 |
| നിളയുടെ രോദനം | 20 |
| ഓർമകൾ | 21 |
| ബാല്യകാലം | 22 |
| നന്ദി | 23 |



ശങ്കരനാരായണൻ വി ടി
ഹെഡ്മാസ്റ്റർ

പ്രിയപ്പെട്ട കുട്ടികളെ ,

സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ പരിചയപ്പെടുന്നതിനും, പ്രാവിണ്യം നേടുന്നതിനും, സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിനും ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ നിങ്ങളെ സഹായിക്കട്ടെ.


വിവരസാങ്കേതിക വിദ്യയിൽ തിളങ്ങുന്ന താരങ്ങളായി മാറുവാൻ കഴിയട്ടെ. ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

# ചരിത്രം

സംസ്കൃത പഠനം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി മഹാപണ്ഡിതനായിരുന്ന പഴേടത്ത് ശങ്കരൻ നമ്പൂതിരിപ്പാട് കിള്ളികുറുശ്ശിമംഗലത്ത് (ഇന്നത്തെ ലക്കിടി പേരൂർ പഞ്ചായത്ത്) 1916ൽ സ്ഥാപിച്ച "ബാലകോല്ലാസിനി" സംസ്കൃത പാഠശാലയാണ് പിന്നീട് ശ്രീ ശങ്കരാ ഓറിയന്റൽ ഹൈസ്കൂൾ ആയിമാറിയത്. കിള്ളികുറുശ്ശിമംഗലത്ത് പടിഞ്ഞാറെ കോച്ചാമ്പിള്ളി മഠത്തിൽ താമസിച്ചിരുന്ന നാട്യാചാര്യൻ മാണി പരമേശ്വര ചാക്യാർ തന്റെ ഭാഗിനേയനും ശിഷ്യനുമായ മാണി മാധവചാക്യാരുടെ ഉപരിപഠനാർത്ഥം ശങ്കരൻ നമ്പൂതിരിപ്പാടിനെ സമീപിച്ചു. അദ്ദേഹം മാണിമാധവചാക്യാരെ സ്വന്തംഭവനത്തിൽ വെച്ച് പഠിപ്പിക്കുവാൻതുടങ്ങി.

പിന്നീട് കോപ്പാട്ട് അച്യുതപൊതുവാൾ, കലക്കത്ത് രാമൻ നമ്പ്യാർ, കലക്കത്ത് ദാമോദരൻ നമ്പ്യാർ, മേലേടത്ത് ദാമോദരൻ നമ്പ്യാർ, കിഴിയപ്പാട്ട് ശങ്കരൻ നായർ തുടങ്ങിയ പലരും വിദ്യാർത്ഥികളായി പഠനം ആരംഭിച്ചു. കുറച്ചുകാലം കഴിഞ്ഞപ്പോൾ ശിഷ്യന്മാരുടെ ബാഹുല്യവും സംസ്കൃത പഠനത്തിന് ഒരു പാഠശാല തുടങ്ങണം എന്ന ഉൽക്കടമായ ആഗ്രഹവും ശങ്കരൻ നമ്പൂതിരിപ്പാടിന് ഈ വിദ്യാലയം സ്ഥാപിക്കുന്നതിന് പ്രേരകമായി. ആദ്യ കാല ശിഷ്യന്മാരായ മാണിമാധവ ചാക്യാർ,കിഴിയപ്പാട്ട് ശങ്കരൻ നായർ തുടങ്ങിയവരും മക്കളായ പി.എം.എസ്.നമ്പൂതിരിപ്പാട് , വാസുദേവൻ നമ്പൂതിരിപ്പാട് എന്നിവരുടെയും, കുടുംബാംഗങ്ങളുടെയും,മറ്റും സഹായത്തോടെയാണ് ഈ വിദ്യാലയം സ്ഥാപിക്കപ്പെട്ടത്.

1957 ൽ ഈ പാഠശാല ശ്രീ ശങ്കരാ ഓറിയന്റൽ ഹൈസ്കൂൾ എന്നപേരിൽ ഒരു എയിഡഡ് ഹൈസ്കൂൾ ആക്കി ഉയർത്തി. 2010 ഓഗസ്ററ് മാസത്തിൽ ഹയർ സെക്കന്ററി വിഭാഗം ആരംഭിച്ചു.



# പ്രശസ്തരായ പൂർവവിദ്യാർത്ഥികൾ

പത്മശ്രീ മാണിമാധവ ചാക്യാർ

പത്മശ്രീ പി. കെ.നാരായണൻ നമ്പ്യാർ

പി. കെ.ജി. നമ്പ്യാർ

ശങ്കരൻ മാസ്റ്റർ

ഡോ. കെ. ആർ.നമ്പ്യാർ

കോപ്പാട്ട് അച്യുത പൊതുവാൾ

മാണി ദാമോദരചാക്യാർ

ഡോ.പി.കെ.മാധവൻ

എസ്.ശിവരാമൻ



# പ്ലാസ്റ്റിക്

ഭൂമിക്ക് ഭാരമായോർതന്നെ ഉണ്ടാക്കിയതേത് വസ്തു
ഭൂമിക്ക് തന്നെ ഭാരമായതു
ദ്രവ്യമാണോ ? അല്ലാ
ദ്രവിക്കുമോ ? ഇല്ലാ
അലിയുമോ ? ഇല്ലാ
ഭൂമിക്കുള്ളിൽ കിടക്കുമീ സാധനം
മാരക രോഗത്തിന് കാരണം
ഇത് കത്തുമോ ? ഇല്ലാ
ഇത് കത്തിക്കാമോ ? ഇല്ലാ
കത്തിച്ചാലോ മരണം മരണം
തുണിയുണ്ട് വേണ്ട
ജനം മാറ്റി, ജനത്തേയും മാറ്റി
മതി മതി ഇത്
ഈ ദുരന്തം വേണ്ട വേണ്ടാ

ഗായത്രി. ഇ


# നമ്മുടെ സ്ഥലം

ഈ കഥ ഒരു നഗരത്തെയും ഗ്രാമത്തെയും കുറിച്ചാണ്. ഒരു നഗരവും ഒരു ഗ്രാമവും ഉണ്ടായിരുന്നു. നഗരത്തിൽ ഉള്ളവർ വലിയ ആളുകൾ ആയിരുന്നു നിറയെ സമ്പാദ്യങ്ങൾ എല്ലാം ഉണ്ടായിരുന്നു, പക്ഷെ ഗ്രാമത്തിലെ ആളുകളുടെ കയ്യിൽ സമ്പാദ്യമോ വലിയ വലിയ പദവികളോ ജോലികളോ അങ്ങനെ ഒന്നും ഉണ്ടായിരുന്നില്ല.

ഗ്രാമത്തിലെ ആളുകൾ അവർക്ക് കിട്ടുന്നതിൽ കുറച്ച് എടുക്കുകയും അത് നാളത്തേക്കും വേണം അല്ലെങ്കിൽ വിശന്ന് ഇരിക്കുന്നവർ ഉണ്ടാകും, അവർക്കും നാം കൊടുക്കേണ്ടേ എന്ന അവർ വിചാരിക്കും. പക്ഷെ നഗരത്തിൽ ഉള്ളവർക്കു അങ്ങനെ ഒന്നും ഉള്ള ചിന്തകളോ മറ്റോ ഉണ്ടായിരുന്നില്ല.

ഒരു ദിവസം നഗരത്തിൽ ഉള്ളവർക്ക് ഒരു ഫ്ലാറ്റ് ഉണ്ടാക്കാൻ തോന്നി. അതിന് അവർ സ്ഥലങ്ങൾ തിരയുകയായിരുന്നു. അപ്പോൾ അവരിൽപെട്ട ഒരാൾ പറഞ്ഞു .
കുറച്ചു ഗ്രാമവാസികൾ താമസിക്കുന്ന സ്ഥലങ്ങൾ ഉണ്ട് നമ്മുക്ക് നോക്കാം. ആ സ്ഥലം ഇഷ്ടപ്പെടുകയും ചെയ്തു. ഇതിനെ എതിർക്കുകയായിരുന്ന ഗ്രാമവാസികൾ അവരോട് പറഞ്ഞു നിങ്ങൾ ഇവിടെ ഫ്ലാറ്റുകൾ കെട്ടുകയാണെങ്കിൽ ഞങ്ങൾ എവിടേക്കാണ് പോവുക ? അവർ പറഞ്ഞു 'അതൊന്നും ഞങ്ങൾക്ക് അറിയില്ല നിങ്ങൾ എവിടേക്കു വേണമെങ്കിലും പോയ്ക്കോ, ഗവണ്മെന്റ് ഓർഡർ കിട്ടിയിട്ടുണ്ട്. ഒരാഴ്ച സമയം തരാം അതിനുള്ളിൽ നിങ്ങൾ ഇവിടെ നിന്ന് പോവണം. ഒരു നിവർത്തിയും ഇല്ലാതെ ഗ്രാമവാസികൾ അവിടെ നിന്ന് പോകേണ്ടി വന്നു.

ഞങ്ങൾ നല്ലതെല്ലാം മറ്റുള്ളവർക്ക് ചെയ്തു കൊടുത്തിട്ടും ദൈവം പരീക്ഷിക്കുകയാണ് എന്ന് അവർ വിചാരിച്ചു. നല്ലത് മാത്രം ഉദ്ദേശിച്ച അവർക്കായി തങ്ങളുടെ സ്ഥലം വിട്ടു കൊടുക്കേണ്ടി വന്നു. അങ്ങനെ അവർ പോവുകയും ചെയ്തു. കുറെ മാസങ്ങളും ദിവസങ്ങളും കടന്നു പോയി, അങ്ങനെ അവരുടെ ഫ്ലാറ്റ് കെട്ടി കഴിഞ്ഞു. ഒരു ദിവസം പ്രകൃതിക്ക് എന്തോ ഒന്ന് പറ്റിയത് പോലെ പെട്ടെന്ന് വെള്ളപ്പൊക്കം വന്ന് അവരുടെ ഫ്ളാറ്റിനെ വെള്ളത്തോടൊപ്പം കൊണ്ടുപോയി. അതിൽ അവരിൽ കുറച്ചു പേരും മരിച്ചു.
ഈ വിവരം അവിടെ താമസിച്ച ഗ്രാമവാസികൾ അറിഞ്ഞു. അവർ വിചാരിച്ചു ദൈവം ഞങ്ങളെ പരീക്ഷിച്ച പോലെ അവരെയും പരീക്ഷിച്ചെന്ന്. അവർ അപ്പോഴും പ്രാർഥിച്ചത് നല്ലതിന് വേണ്ടി മാത്രം. ഇതിൽ നിന്നും മനസ്സിലായത് ആരും ആരുടെയും സ്ഥലം പിടിച്ചു വാങ്ങരുത് എന്നാണ്. മറ്റുള്ളവരുടെ സ്ഥലം ആർക്കും അവകാശപ്പെട്ടതല്ല .



അൻസിയ.പി.കെ
9 A

# ഓർമ്മ

മധുരമേറുന്ന പദമാണെന്നമ്മ
അമ്മതൻ താരാട്ടുപാട്ടിന്ന് വഴികളിലൂടെ
ഓടിയെത്തും  ഓർമ്മതൻ പാളികൾ
കൂരിരുട്ടിന്റെ ഇടവഴികളിൽ
അമ്മയുടെ വെളിച്ചത്തിന്റെ കാൽചുവടുകൾ
ഉണ്ടായി ഇന്നതെല്ലാം ഓർമകളായി മാറിയിരിക്കുന്നു
കരഞ്ഞു കണ്ണുകലങ്ങി തലയിണയിൽ മുഖമമർത്തുമ്പോഴും
അമ്മയുടെ തണലിന്റെ സാന്നിധ്യം ഉണ്ടായിരുന്നു
ഇനിയും വഴികൾ  ഒരുപാടുണ്ട്
അമ്മയില്ലാതെ നടന്നു തീർക്കാൻ ........
കഴിയില്ല അമ്മയില്ലാതെ മുന്നേറാൻ
എങ്കിലും ജീവിത വഴികളിലൂടെ ഏറെ സഞ്ചരിക്കണം
താണ്ടിയ ദൂരത്തേക്കാൾ ഓടിയ സമയത്തേക്കാൾ
ഞാൻ അറിയാതെ ആശിച്ചുപോയി
ആ സ്നേഹ ദീപത്തെ .....



ഫാത്തിമ ഫസ്ന

10 C

# കോഴിയമ്മയും കുറുക്കനും



കോഴിയമ്മ ചിക്കി പെറുക്കി ചിതൽ തിന്നുന്നത് കണ്ട് ഒരു കുറുക്കൻ ഓടിയെത്തി. അതുകണ്ട് കോഴിയമ്മ ഒരു മരക്കൊമ്പിലേക്കു പറന്നു കയറി. കുറുക്കൻ കൊതിയോടെ കോഴിയേ നോക്കി താഴെ നിൽപ്പായി കോഴിയെ താഴെയിറക്കി അതിനെ പിടിച്ചുതിന്നണം എന്നു കുറുക്കൻ ആശിച്ചു. അവൻ പറഞ്ഞു കോഴിയമ്മേ നിന്റെ പാട്ട് വളരെ മധുരമുള്ളതാണ്, നിന്റെ നൃത്തം അതിമനോഹരവുമാണ്. അതുകൊണ്ട് നീ താഴെയിറങ്ങി വന്ന് പാട്ടുപാടി നൃത്തം ചെയ്യണം. കോഴിയമ്മക്ക് കുറുക്കന്റെ സൂത്രം മനസ്സിലായി. അവൾ പറഞ്ഞു എനിക്ക് കുറുക്കന്മാരെ പേടിയാണ് നിങ്ങൾ ഞങ്ങളെ പിടിച്ചു തിന്നുകയില്ലേ ? ഇല്ല, കോഴിയമ്മേ ഞാൻ ഒരു ജീവിയേയും കൊല്ലുകയില്ല. നീ ധൈര്യമായി താഴെ വരൂ കുറുക്കൻ കോഴിയമ്മയെ വിടാൻ ഭാവമില്ല അയ്യോ ദേ പട്ടികൾ വരുന്നു.... കോഴിയമ്മ ഉറക്കെ വിളിച്ചുപറഞ്ഞു. പട്ടികൾ കുറുക്കന്റെ ശത്രുക്കൾ ആണല്ലോ അതുകൊണ്ടു പട്ടി എന്ന വാക്ക് കേട്ടതോടെ കുറുക്കൻ ഞെട്ടി, ഉള്ള ശക്തിയെല്ലാം സംഭരിച്ചു ഒരു ഓട്ടം വച്ചുകൊടുത്തു, കോഴിയമ്മ പട്ടികൾ വരുന്നു എന്ന് വെറുതെ തട്ടിവിട്ടതായിരുന്നു. കുറുക്കൻ ആ പറഞ്ഞത് നേരാണെന്ന് വിശ്വസിച്ച് സ്ഥലം വിട്ടു .

അങ്ങനെ ബുദ്ധിമതിയായ കോഴിയമ്മ കുറുക്കന്റെ ശല്യത്തിൽ നിന്ന് രക്ഷപെട്ടു .

ജസ്ന വൈ
5.B



# THE SUNFLOWER

There is something about the sunflower
The way it stands, head held high
How it captures your eyes with the power
Of golden yellow, the colour of pride

The grace with which it gently ways
Looking up to the sun always
It inspires me to make my days
Colourful, beautiful and full of grace.

ദേവിക
9 C




ഡിജിറ്റൽ പൂക്കളങ്ങൾ

# GK Questions



1. Indonasia's new capital?

   Ans: East kalimatan

2. Who was our first India's Lok pal?

   Ans: Pinaki chandrakosh

3. Who is the first Left hand Governer of Jammu kashmir?

   Ans: Gireesh chandra murmu

4. Who is the writter/ authour of "The Hindu way:An introduction to hindusim"?

   Ans: Sasi Taroor

5. Which was the best cineman in 2019's International Indian film Academy?

   Ans: Rasi

6. India;'s first 3 D Planetorium?

   Ans: Swami vivekanandan planetorium

7. Where did the Indian's first International Tourism police station estabilsh?

   Ans: Mattancherry.

8. Which agency pubilsed the report future of work ?

   Ans: International Labour Organisation.

9. Name the country's first women state police chief who died recently?

   Ans: Kanchan choudhari

10. Who is the new chairman of staff selection commission {SSC}?

    Ans: B.R.Sharama



# സ്നേഹസ്പർശം

ഒരിടത്ത് ഒരു പണക്കാരൻ ഉണ്ടായിരുന്നു. അപ്പുറത്തെ വീട്ടിലാകട്ടെ ഒരു കൃഷിക്കാരനും. ഈ പണക്കാരൻ തനിക്ക് പണം ഉണ്ടെന്ന അഹങ്കാരത്തോടെ മറ്റുള്ളവരെ തന്നിൽനിന്നു അകറ്റിനിർത്തി. കൃഷിക്കാരനാകട്ടെ തന്റെ വീട്ടിൽ ഉണ്ടാകുന്ന പച്ചക്കറിയും സാധനങ്ങളും അയൽവാസികൾക്കും മറ്റുള്ളവർക്കും നൽകി. അതുകൊണ്ട് കൃഷിക്കാരനെ എല്ലാവർക്കും ഇഷ്ടമായിരുന്നു. അതുകണ്ട് പണക്കാരന് അസൂയയായി .

പണക്കാരൻ ഹോട്ടലിൽ നിന്ന് മാത്രം ഭക്ഷണം വാങ്ങിക്കഴിച്ചു അതുകാരണം പണക്കാരന് അസുഖം വന്നു . കൃഷിക്കാരന് നല്ല ആരോഗ്യം ഉണ്ടായിരുന്നു. പണക്കാരന്റെ അസുഖം മാറാത്തതുകൊണ്ട് മരുന്നിനും മറ്റു പണം ചിലവഴിച്ചു. പണക്കാരന്റെ പണം മുഴുവനും കഴിഞ്ഞു. അസുഖം മാറി വീട്ടിൽ തിരിച്ചെത്തി. നല്ല മഴയായിരുന്നു, മഴയത്ത് പണക്കാരന്റെ വീട് ഒലിച്ചുപോയി. പണക്കാരന് സങ്കടം സഹിക്കാൻ പറ്റിയിരുന്നില്ല. ഒരു നേരത്തെ ഭക്ഷണമോ ഒരു തുള്ളി വെള്ളമോ ഇല്ല . പണത്തിന്റെ അഹങ്കാരം കാരണം എല്ലാവരിൽനിന്നും അകന്നു കഴിഞ്ഞ അയാൾ കൃഷിക്കാരനെ ആശ്രയിച്ചു. കൃഷിക്കാരൻ തന്റെ വീട്ടിൽ ഉണ്ടായ പച്ചക്കറികൾ കൊണ്ട് ഉണ്ടാക്കിയ ഭക്ഷണ വിഭവങ്ങളും ചോറും നൽകി. വീടില്ലാത്ത പണക്കാരന് തന്റെ വീട് സ്വന്തം വീട് പോലെ കരുതി കൊള്ളാൻ കൃഷിക്കാരൻ പറഞ്ഞു. പണക്കാരന് സങ്കടം വന്നു. ഇത്രയുംനാൾ ഇവനെ സങ്കടപ്പെടുത്തി. അതിന്റെ ശിക്ഷയാണ് തനിക്ക് ദൈവം തന്നത് എന്ന് പണക്കാരന് ബോധ്യപ്പെട്ടു. പിന്നീടുള്ള ദിവസങ്ങൾ അവർ സഹോദരങ്ങളെപ്പോലെ ആ വീട്ടിൽ കഴിഞ്ഞു .



**ഗുണപാഠം – സ്നേഹത്തേക്കാൾ വലുത് ഒന്നും തന്നെ ഇല്ല**

ഷിഫ്ന വൈ

6 C

# നിഴലിനോടുള്ള യുദ്ധം

ഏകാന്ത തടവറ തടവിലാമൽപ്പനേരം
ഏകാകിയായിനിൽക്കുന്നു ഏറെനേരം
ആരുനീ അകലെ
എൻ പ്രതിരൂപമേ
സ്വതന്ത്രനായ് നിൽപ്പൂ
അഴികൾക്കു മുൻപിൽ
സമര കാഹളം നിലയ്ക്കാതെ
നിശ്ചലം ..... നിൽക്കുന്നതെന്തു നീ
മുൻപിൽ.....
നേരെനടക്കു മുൻപോട്ട്  പോകു ....
ആയിരം നിഴലുകൾ
നേരിനുകൂട്ടിനുണ്ട് .
ആരു നീ അകലെ
എൻ പ്രതിരൂപമേ .....
സ്വതന്ത്രനായ് നിൽപ്പു
അഴികൾക്കു മുൻപിൽ
ഏകാകിയായി നിൽക്കുന്നു ഏറെനേരം
അഗ്നിയായ്  ചിന്തകൾ വന്നുപോയി ....
അറിവിന്റെ ജാലകം തുറന്നുവച്ചു
നിഴലിനു നേരെ നിന്നിടുന്നു
നേരിനു  നേരെ നിരന്നിടുന്നു .....




കൃഷ്ണകുമാർ പി ആർ

HST Hindi

# ഗണിത ശാസ്ത്രജ്ഞന്മാർ വരകളിലൂടെ








ഫാത്തിമ തസ്നിം ടി കെ 10 B


പ്രണവ് 8 A


# Math Magic

ഫാത്തിമ തസ്നിം ടി കെ 10 B








# അതിജീവിതം

അമ്മതൻ മക്കൾ നോവിച്ചു
ക്ഷമയാൽ തഴുകി നിന്നു . ..
അമ്മതൻ മനോഹാരിത നശിപ്പിച്ചതല്ലയോ
അമ്മതൻ തിരിച്ചടി അപ്രതീക്ഷിതം
പ്രളയമെന്ന വൻ ദുരന്തം നിൻ പരീക്ഷണം ,
മനുഷ്യഹൃദയങ്ങളാൽ മുറിവ് വീഴ്ത്തി നീ ....
നൂറു കണക്കിന് ജീവനുകൾ കൊയ്തെടുത്തു നീ ...
നഷ്ടങ്ങൾ അത്യധികം ,
നിൻ മക്കളെയെല്ലാം ഒന്നാക്കിയതും നിൻ കഴിവ് ..
ജാതിയില്ല മതമില്ല രാഷ്ട്രീയമില്ല വർണ്ണ വർഗ്ഗ വിചാരമില്ല ...
നാം ഒന്നാണ് നമ്മൾ ഒന്നാണ്
എന്ന് പഠിപ്പിച്ചതും നീയല്ലയോ..
നിൻ ദുരന്തത്തെ ഒരുമകൊണ്ട് അതിജീവിച്ചതും
നിൻ മക്കൾ തെറ്റുകൾ ഏറ്റു പറഞ്ഞു ...
നിന്നോട് ക്ഷമാമാർപ്പണം ചെയ്യുന്നു ഞങ്ങൾ
ഇനി നിൻ പരീക്ഷണം അരുത് ...

ഫാത്തിമ ഹസ്ന പി
**10 C**







# കൊഴിഞ്ഞ ഇല

ആ മരത്തിൽ പുതിയതായി ഇലകൾ വന്നു, പച്ച ഇലകളാൽ നല്ല ഭംഗിയായിരുന്നു. ഒരു ദിവസം അതിൽ നിന്ന് പഴുത്ത ഇല വീണു. അപ്പോൾ പച്ച ഇലകൾ ഈ വീണ ഇലയെ നോക്കി ചിരിക്കാൻ തുടങ്ങി. ആ ഇലക്ക് ഭയങ്കര സങ്കടമായി, ഇത് പോലെയാണ് മനുഷ്യജീവിതം. ഒരു മനുഷ്യന് പ്രയാസങ്ങളോ, വീഴ്ച്ചയോ സംഭവിച്ചാൽ രക്ഷിക്കുകയല്ല ചെയ്യുന്നത് , അവരെ നോക്കി പരിഹസിക്കുകയാണ്. ഇതാണ് നാം മനസിലാക്കേണ്ടത് ആ വീണ ഇലയെ നമുക്ക് രക്ഷിക്കാൻ ഒരു പക്ഷെ കഴിയില്ലായിരിക്കും എന്നാൽ മനുഷ്യൻ മാരുടെ കാര്യത്തിൽ നമ്മുക്ക് സഹായിക്കാൻ കഴിയും. ഇലകൾക്ക് ആരെയും രക്ഷിക്കാൻ കഴിയുമായിരിക്കില്ല പക്ഷെ നാം പരമാവധി എല്ലാവരെയും സഹായിക്കുകയാണ് ചെയ്യേണ്ടത്.

അൻസിയ.പി.കെ
**9 A**



# നിളയുടെ രോദനം

എം.രാജേഷ്

സംസ്കാരത്തിൽ ഉറവിടമായ് ഓളങ്ങൾ
വെട്ടി ഒഴുകിയ നിളയാണ് ഞാൻ......
ഭാരതപുഴയെന്ന പേര് കൂട്ടി വിളിച്ച
പുഴയാണ് ഞാൻ......
ജീവന്റെ ഉൾതുടിപ്പുകൾക്കെന്നും
ആവോളം ദാഹജലം നൽകി,
വെളിച്ചത്തിന് കിരണങ്ങളെ
ഏറ്റുവാങ്ങിയ പുഴയാണ് ഞാൻ.
ഭാരതപുഴയാണ് ഞാൻ......
ഞാൻ നൽകിയ ദാഹജലമിന്ന്
അന്യമാകുന്നു.
ഭൂഗർഭ ജലസ്രോതസ്സുകളും
കുപ്പിവെള്ളങ്ങളും, മണലും
കച്ചവട ബോധം നൽകുമ്പോൾ
പുഴയെന്ന പേര് മാത്രം എനിക്ക് ബാക്കി
ഭാരതപുഴയെന്ന പേരുമാത്രം എനിക്കു ബാക്കി.
അകലുന്ന ഓളങ്ങളും കൊതിച്ചു
നിറഞ്ഞൊഴുകാനായി.........
ഉൾതുടിപ്പിന്റെ രോദനത്തെ കൂടെ നിർത്തി.
നിറമിഴികൾ നൽകിയ കാഴ്ചയിൽ
മണലാരണ്യം മരുഭൂമിയായി.
ദാഹജലം വിലക്കുവാങ്ങുന്ന
സംസ്കാരത്തിൽ.......
മലയാളം കൂടെ നിർത്തുമ്പോഴും
സംസ്കാരശുദ്ധിതൻ പൈതൃകത്തെ
എന്നും ഞാൻ ഒഴുകിയവഴിയെ
ഏറ്റുവാങ്ങാൻ കൊതിച്ചുപോകുകയാണ്.
ഇന്ന് തെളിനീരുനൽകാൻ മടിക്കുമ്പോഴും.......



# ഓർമകൾ

വിടവാങ്ങിയ വിദ്യാലയത്തിന്റെ വീഥിയിൽ
വീണ്ടും ഞാൻ വന്നു നിന്നിടുമ്പോൾ
എൻ ഓർമകൾ തേങ്ങലായി തെളിയുന്നു
ഒരുനൊമ്പരമായ അലയടിക്കുന്നു...........
എന്റെ ലക്ഷ്യങ്ങളെ അലക്ഷ്യമായി
നൃത്തം ചവിട്ടിയ അകത്തളങ്ങളിൽ
വീണ്ടും ഞാൻ നിന്നിടുമ്പോൾ
ഒരു അക്ഷേപ പരിഹാസ പാത്രമാകുന്നു
അമ്മതാനൊരു അന്നവും കൈയ്യിലേന്തി
അറിവ് നേടാൻ ഒരു അഭയാർഥിയെപോൽ
വെമ്പൽ കൊണ്ടു നടന്നകാലം
അറ്റുപോയൊരു പുസ്തക സഞ്ചിക്കുള്ളിൽ
എന്നെ ഉറ്റുനോക്കിയ ചിരിക്കുന്ന പുസ്തകങ്ങൾ
എന്നെകിലും ഒന്നെടുക്കുക നീ........ എന്നെ
എന്നുകേഴുന്ന മയിൽപ്പീലി തണ്ടുകൾ
അക്ഷരകൂട്ടുകൾ അറിവായി ഊട്ടിവളർത്തിയ
കൈകൾതട്ടിമാറ്റി അട്ടഹസിച്ചതിൽ ധ്വനി-
കേൾക്കുന്നു, നിശ്ചലം നെടുവീർപ്പിട്ടു നിൽക്കവേ
ചിതറിയ എൻ ഓർമകൾ വാരിക്കൂട്ടുമ്പോൾ
ഊർന്നുപോകുന്നു ധാരയായി കൈകുമ്പിളിൽ
നിന്നും എന്റെ കണ്ണുനീരാൽ ............

അർച്ചന
9 B



# ബാല്യകാലം

ആടിപ്പാടിരസിയ്ക്കാം ഏറെ
ആമോദത്തിൻ കളികളോടെ
ആഘോഷിക്കമൊരു കാലം
ആനന്ദാതെന്നലിൻ ബാല്യകാലം
കൂട്ടംകൂടി പറവകളെന്നോണം
നാളുകൾ പാറി പരിലസിയ്ക്കുന്നു
വട്ടംകൂടി കളികളെത്ര
നാളുകൾ പോയി മറഞ്ഞതല്ലോ
ഓടിയൊളിച്ചു .....കണ്ണുപൊത്തി
മിന്നിമറയുന്നോരോ കളികളും
പാളവണ്ടി അതിലെ ലോകം ചുറ്റി
കാണ്മ തെന്തൊരു രസമാ കാലം
തോടും കുളവും പാടവും തോപ്പും
ഓടിച്ചാടി നടക്കുമൊരുകാലം
മഞ്ഞും മഴയും വെയിലുംപകലും
രാവൊന്നോ കാലികൾക്കെന്തുരസം
തെറ്റും ശരിയും ശിക്ഷയുമായി
കൊച്ചു പിണക്കത്തിൻ നറു ബാല്യം
പിന്നെ വരില്ലെൻ പരിഭവമോടെ മറയുന്നോ ...
സങ്കടമേറെ പിൻവിളിയായ് പാടാം
ബാല്യം ഒരു നല്ലകാലം .....

വിഷ്ണു


# സ്വപ്നം

ചിനക്കത്തൂർ  പൂരം  പ്രസിദ്ധമാണ് . എല്ലാ വർഷത്തെ പോലെ ഞാനും അച്ഛനും കുതിരകളുടെ ഒപ്പം ആർപ്പും ബഹളവുമായി ചിനക്കത്തൂർ കാവിയിലേക്ക് നടന്നുനീങ്ങി . അയ്യയ്യോ എന്നുള്ള വിളികളുമായി തിക്കും തിരക്കും കൊണ്ട് നടക്കുന്നതിനിടയിൽ അച്ഛന്റെ കൈവിട്ടുപോയി. അയ്യോ ഇനി എന്താ ചെയ്യുക ,അച്ഛനെ നാലുപുറവും ഞാൻ തിരയുന്നുണ്ട് . അച്ഛനെയെന്നല്ല പരിചയമുള്ള ഒരാളെ പോലും എനിക്ക് കാണാനാകുന്നില്ല .നടന്ന് നടന്ന് അങ്ങനെ ഞാൻ കാവിലെത്തി. കാവ് പറമ്പ് കുതിരക്കളിയുടെ ആവേശത്തുടുപ്പിലാണ് .നാട്ടിലെ ഒട്ടുമിക്ക പൂരവും അച്ഛൻ എന്നെ കാണിക്കാറുണ്ട് . എന്നാൽ എനിക്ക് ഈ കുതിരകളി ആസ്വദിക്കാൻ കഴിയുന്നില്ല. മനസ്സിൽ പേടി കൂടിക്കൂടി വന്നു . അതാ കുതിരകളി അവസാനിക്കാറായി .വിവിധ ദേശങ്ങളുടെ ആനപ്പൂരം  രണ്ട് ചേരികളായി നിരന്നിട്ടുണ്ട് , കൊട്ടും മേളവും തുടങ്ങി . ഞാൻ നാലുപുറവും അച്ഛനെ തിരയുന്നുണ്ട് .അച്ഛനും ഇത്പോലെ തിരയുന്നുണ്ടാകും..... അപ്പോഴേക്കും അതാ ഒരു കൊമ്പൻ കൊമ്പുകുലുക്കി എന്റെ അടുത്തേക്കു ഓടി വരുന്നു , ആളുകൾ നാലുപാടും ചിതറിഓടുന്നു , ഞാൻ ഉറക്കെ നിലവിളിക്കാൻ ശ്രമിച്ചു ശബ്ദം പുറത്തേക്കു വരുന്നില്ല ഓടാൻ  ആകുന്നില്ല .....

അമ്മയുടെ ശബ്ദം കേൾക്കുന്നു :'എന്താ കണ്ണാ ഇന്ന് സ്കൂളിൽ പോകുന്നില്ലേ '.  ഞാൻ കണ്ണുമിഴിച്ചു . ഇത്ര നേരത്തെ കോലാഹലങ്ങളൊന്നും മുന്നിൽ      കാണാനില്ല .അച്ഛനും അമ്മയും  മുന്നിൽ നിൽക്കുന്നു . ഞാൻ കണ്ട സ്വപ്നം അച്ഛനും അമ്മക്കും വിവരിച്ചു കൊടുത്തു .

അലൻദേവ്.കെ

**9 B**





രസികപ്രിയ

# Our Little Kites



നന്ദി

ഡിജിറ്റൽ  സാങ്കേതിക രംഗത്തെ മികവുകൾ

നേടിയെടുക്കാൻ സഹായകമായ ലിറ്റിൽ കൈറ്റ്സിന്റെ

ഡിജിറ്റൽ മാഗസിൻ നിർമാണത്തിൽ നിർദേശങ്ങൾ നൽകിയ

എല്ലാ അധ്യാപകർക്കും അനധ്യാപകർക്കും ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

അംഗങ്ങളുടെ നന്ദി അറിയിക്കുന്നു .